# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 257 — 20.03.15 ൽ - മറുപടിക്ക്

## എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, സി.പി. മുഹമ്മദ്<br>,, ഹൈബി ഈഡൻ<br>,, പാലോട് രവി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യവിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പ്രകാരം കേന്ദ്രസർക്കാർ 4 ഘടകങ്ങൾ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക<br><br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.<br><br>3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br><br>4. സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിതരണ രംഗത്തെ അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, ദുരുപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കും. മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല |

| | | | |
|---|---|---|---|
| (സി) | റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളത്; എങ്കിൽ വിശദമാക്കുമോ; | | സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുകയും റേഷൻകടകളിൽ സ്മാർട്ട് കാർഡ്/ ബയോമെട്രിക് വെരിഫിക്കേഷൻ ചെയ്യുന്നതിനുള്ള ഇ-പോസ് മെഷീനുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി. കളിൽ എത്തിക്കുന്നതിനുള്ള സംവിധാനവും, എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നതാണ്. കൂടാതെ, ഉപഭോക്താക്കൾക്ക് എല്ലാ വിവരങ്ങളും അപ്പപ്പോൾ അറിയുന്നതിലേയ്ക്കായി സുതാര്യതാ പോർട്ടലും പരാതി പരിഹാരത്തിനുള്ള സംവിധാനവും തയ്യാറാക്കുന്നതാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകുപ്പു തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 20 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഘട്ടം-1 നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ള പദ്ധതി ചെലവിന്റെ 50% തുക കേന്ദ്രസർക്കാർ അനുവദിക്കുകയും ആയതിന്റെ 60% തുക (7.3 കോടി) അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ